"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - അച്ചടക്ക നടപടി - തെന്മല ഡിവിഷൻ ആര്യങ്കാവ് റെയിഞ്ചിലെ വനം വകുപ്പ് വക ആര്യങ്കാവ് രാജാക്കൂപ്പ് റോഡിൽ നിന്നും കരി 47-ലെ സ്വകാര്യ കൈവശ സ്ഥലത്തേയ്ക്ക് അനധികൃതമായി റോഡ് നിർമ്മാണം നടത്തിയത് - ശ്രീ.കെ.എം.ശ്രീകുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.209/2023/F&WLD തീയതി,തിരുവനന്തപുരം, 27-05-2023

---

പരാമർശം:-

1. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 01.02.2019 ലെ ബി2-8386/2012 നമ്പർ കത്ത്
2. 28.09.2019 ലെ എ1/23/2019/വനം നമ്പർ കുറ്റപത്രം/കുറ്റാരോപണ പത്രിക.
3. 08.11.2019 തീയതിയായി ശ്രീ.കെ.എം.ശ്രീകുമാർ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ സമർപ്പിച്ച പ്രതിവാദ പത്രിക.
4. സ.ഉ(സാ) നം 259/2020/വനം തീയതി 17.10.2020
5. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 23.04.2022 ലെ ബി2-8386/2012 നമ്പർ കത്ത്
6. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 22.12.2022 ലെ ബി2-8386/2012 നമ്പർ കത്ത്
7. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 05.04.2023 ലെ ബി2-8386/2012 നമ്പർ കത്ത്

**ഉത്തരവ്**

തെന്മല ഡിവിഷൻ, ആര്യങ്കാവ് റെയിഞ്ചിലെ വനം വകുപ്പ് വക ആര്യങ്കാവ് രാജാക്കൂപ്പ് റോഡിൽ നിന്നും കരി 47-ലെ സ്വകാര്യ കൈവശ സ്ഥലത്തേയ്ക്ക് അനധികൃതമായി റോഡ് നിർമ്മാണം നടന്നതുമായി ബന്ധപ്പെട്ട് ഒ.ആർ. 04/06, 09/06, 15/09 എന്നീ 3 കേസുകൾ രജിസ്റ്റർ ചെയ്തിരുന്നു. ടി റോഡിന്റെ പ്രധാന ഉപഭോക്താവായ മോഹൻദാസ്

എന്നയാളിനെ ബന്ധപ്പെടുത്തി വിജയകരമായി പ്രോസിക്യൂട്ട് ചെയ്യുവാൻ പറ്റുന്നതരത്തിലുള്ള രേഖകളും, തെളിവുകളും, നടപടികളും ബന്ധപ്പെട്ടവർ എടുത്തിട്ടില്ലാത്തതിനാലും തുച്ഛമായ സർക്കാർ നഷ്ടം മാത്രം കാണിച്ചിട്ടുള്ള ടി മൂന്നു കേസുകളും കോടതിയിൽ ചാർജ്ജ് ചെയ്യുന്നത് വനം വകുപ്പിന് ഗുണത്തേക്കാളേറെ ദോഷം ചെയ്യുമെന്നതും, ടി കേസുകളിൽ നിലവിലുള്ള രേഖകൾ ടി ഭാഗത്തേയ്ക്കുള്ള റോഡിന്മേൽ അവകാശം സ്ഥാപിക്കുവാൻ ടി സ്ഥലം ഉടമയെ സഹായിക്കുമെന്നതിനാലും, ടി കേസുകളിൽ മന:പൂർവ്വം വീഴ്ചകൾ വരുത്തിയും മറ്റും ടി സ്ഥലമുടമയെ സഹായിക്കുവാൻ ശ്രമിച്ച വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സർക്കാരിനോട് ശുപാർശ ചെയ്തു.

2) അനധികൃത നിർമ്മാണം യഥാസമയം കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും കേസന്വേഷണം മുന്നോട്ട് കൊണ്ടുപോകുന്നതിലും, ഒ.ആർ. 15/09 കേസ് ചാർജ്ജ് ചെയ്യുന്നതിന് ആവശ്യമായ തെളിവുകളും രേഖകളും ശേഖരിക്കുന്നതിലും യഥാർത്ഥ പ്രതിയായ സ്ഥലമുടമ ശ്രീ.മോഹൻദാസിനെ ടി കേസിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതിലും വീഴ്ച വരുത്തിയ അന്നത്തെ ആര്യങ്കാവ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീ.കെ.എം.ശ്രീകുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെതിരെ പരാമർശം (2) പ്രകാരം 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 16 പ്രകാരം കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

3) മേൽ കുറ്റപത്രത്തിന് ശ്രീ.കെ.എം.ശ്രീകുമാർ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രിക തൃപ്തികരമല്ലാത്തതിനാൽ തുടർ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (4) പ്രകാരം ഔപചാരികാന്വേഷണത്തിന് ഉത്തരവായി. പരാമർശം (5) കത്ത് പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഔപചാരികാന്വേഷണ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചു. ഔപചാരികാന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ ഇപ്രകാരമാണ്.

ആര്യങ്കാവ് - രാജാക്കൂപ്പ് റോഡിൽ നിന്നും കരി 47 എന്ന സ്വകാര്യ കൈവശ സ്ഥലത്തേക്ക് വനത്തിലൂടെ അനധികൃതമായി റോഡ് നിർമ്മാണം നടത്തിയതിന് 08.06.2009-ൽ ഒ.ആർ. 15/2009 നമ്പറായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിനാൽ യഥാസമയം നടപടി സ്വീകരിച്ചില്ല എന്ന ഒന്നാമത്തെ ആരോപണം തെളിയിക്കപ്പെട്ടിട്ടില്ല.

കരി 47 എന്ന സ്ഥലത്ത് ആകെയുള്ള 47 ഏക്കർ സ്ഥലത്തിൽ 42.5 ഏക്കറാണ് ശ്രീ.മോഹൻ ദാസിനുള്ളത്. ഇതിൽ നിന്നും ടിയാൻ മാത്രമാണ് ടി റോഡിന്റെ ഉപഭോക്താവ് എന്ന് കരുതാനാവില്ല. ടി കുറ്റകൃത്യത്തിൽ ടിയാന്റെ പ്രേരണയോ പങ്കാളിത്തമോ തെളിയിക്കുന്നതിനാവശ്യമായ തെളിവുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. കൂടാതെ ഇതേ കുറ്റകൃത്യത്തിന് മുൻകാലങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒ.ആർ.04/2006, 09/2006 നമ്പർ കേസുകളിൽ ഒന്നുംതന്നെ ശ്രീ.മോഹൻദാസിനെ പ്രതിചേർത്തിട്ടില്ല. രണ്ടാമത്തെ ആരോപണവും തെളിയിക്കപ്പെട്ടിട്ടില്ല.

ഒ.ആർ.15/2009 നമ്പർ കേസിലെ മഹസ്സർ തയ്യാറാക്കുന്ന അവസരത്തിൽ പ്രതികളെക്കുറിച്ച് സൂചന ഇല്ലായിരുന്നു എങ്കിലും പിന്നീട് അന്വേഷണത്തിൽ കണ്ടെത്തി കോടതിയിൽ ചാർജ്ജ് സമർപ്പിച്ചു എന്നും തുടർന്ന് പ്രതിയുടെ അപേക്ഷ പ്രകാരം കേസ് വകുപ്പുതലത്തിൽ തീർപ്പാക്കിയെന്നുമുള്ള കുറ്റാരോപിതന്റെ വാദം തെളിയിക്കാനാവശ്യമായ

രേഖകളൊന്നും ടിയാൻ ഹാജരാക്കിയിട്ടില്ല. പ്രതികളെയും കുറ്റകൃത്യത്തിനുപയോഗിച്ച ആയുധങ്ങളും കണ്ടെത്താനാകാത്തതിനാൽ കേസ് ഡ്രോപ്പ് ചെയ്യണമെന്ന് അന്നത്തെ റെയിഞ്ച് ഓഫീസർ 17.12.2010-ലെ ഒ.ആർ.15/09 നമ്പർ കത്ത് മുഖേന റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി കേസിൽ തുടരന്വേഷണം നടത്തുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. എന്നാൽ മേൽ കേസിന്റെ കേസ് ഡയറി ലഭ്യമല്ലാത്തതിനാൽ ടി കേസിന്റെ അന്വേഷണത്തിൽ കുറ്റാരോപിൻറെ ഭാഗത്തു നിന്നും മന:പൂർവ്വമായ വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്നു പരിശോധിക്കാനാവില്ല. ആയതിനാൽ മൂന്നാമത്തെ ആരോപണം ഭാഗികമായി തെളിയിക്കപ്പെട്ടതായി കണക്കാക്കാവുന്നതാണ്.

4) ഔപചാരികാന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ വസ്തുതാപരമായതിനാൽ ആയത് അംഗീകരിക്കാവുന്നതാണെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (6) പ്രകാരം ശിപാർശചെയ്തു.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുറ്റാരോപിതരായ ഉദ്യോഗസ്ഥൻ അച്ചടക്ക നടപടിക്കിടെ സർവീസിൽ നിന്ന് വിരമിച്ചിട്ടുണ്ട്. 3 കുറ്റങ്ങളാണ് ടിയാനെതിരെ ചുമത്തിയിരിക്കുന്നത്. ഔപചാരിക അന്വേഷണത്തിൽ 2 കുറ്റങ്ങൾ തെളിയിക്കപ്പെട്ടില്ല, ഒരു കുറ്റം ഭാഗികമായി തെളിയിക്കപ്പെട്ടു. ഈ കേസിൽ സർക്കാരിന് ഉണ്ടായ നഷ്ടം 900 രൂപ മാത്രമാണെന്ന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ കേസിലെ സർക്കാർ നഷ്ടമായി കണക്കാക്കിയിട്ടുള്ള 900/- രൂപ ശ്രീ.ശ്രീകുമാർ ട്രഷറിയിൽ ഒടുക്കിയതായി പരാമർശം (7) പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിലും സർക്കാരിന് നഷ്ടമുണ്ടാക്കാൻ ബോധപൂർവമായ ഒരു ശ്രമവും കുറ്റോരോപിതനായ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ലെന്നതും ടിയാൻ സർവീസിൽ നിന്ന് വിരമിച്ച വസ്തുത പരിഗണിച്ചും ഉദാരപരമായ സമീപനം കൈക്കൊണ്ട് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ശ്രീ.കെ.എം.ശ്രീകുമാറിനെതിരെ ആരംഭിച്ച അച്ചടക്ക നടപടി ഒഴിവാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാജൻ.എ
അഡിഷണൽ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ശ്രീ.കെ.എം.ശ്രീകുമാർ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

വനം വന്യജീവി(എഫ്) വകുപ്പ്

ப.ഉ.(സാധാ) നം.209/2023/F&WLD

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Shaji A M
Date: 29-05-2023 10:48:25
സെക്ഷൻ ഓഫീസർ